ഭരണഭാഷ-മാതൃഭാഷ

2315
16/11/2020

C25

അഡീഷണൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയം
നന്ദാവനം, തിരുവനന്തപുരം-33
Ph: 04712322136 , e-mail: addlecenfo.exc@kerala.gov.in

നം. സി.എ./എ.ഡി.ഇ.സി.-43/2020

തീയതി ; 13.11.2020

16/11

## സർക്കുലർ

വിഷയം : എക്സൈസ് എൻഫോഴ്സ്മെന്റ്- എക്സൈസ് മേജർ ചെക്ക്പോസ്റ്റുകളിലെ ഡ്യൂട്ടി ക്രമീകരണം - സംബന്ധിച്ച്

സംസ്ഥാനത്തെ മേജർ ചെക്ക് പോസ്റ്റുകളായ മഞ്ചേശ്വരം, വാളയാർ, മുത്തങ്ങ, ആര്യങ്കാവ്, അമരവിള, കുമിളി എന്നിവിടങ്ങളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു. ഓരോ ചെക്ക്പോസ്റ്റുകളിലും വ്യത്യസ്തമായ ഡ്യൂട്ടി ക്രമീകരണം ആണെന്നാണ് കാണുന്നത്. പലയിടത്തും ഉദ്യോഗസ്ഥർ തുടർച്ചയായി 24 മണിക്കൂർ ഡ്യൂട്ടി ചെയ്യുന്നതായും ആയത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്നത് നേരിട്ടുള്ള പരിശോധനകളിലൂടെയും, ചെക്ക് പോസ്റ്റുകളിലെ പരിശോധനകളിൽ നിന്നും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ കണക്കുകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 16.11.2020 മുതൽ ചുവടെ പറയുന്ന രീതിയിലുള്ള ഡ്യൂട്ടി ക്രമീകരണം നടപ്പിൽ വരുത്തുന്നു.

### എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ

ചെക്ക് പോസ്റ്റുകളിൽ ഡ്യൂട്ടി ചുമതലയുള്ള സർക്കിൾ ഇൻസ്പെക്ടർമാർക്ക് 12 മണിക്കൂർ വീതമുള്ള ഊഴങ്ങളായി ഡ്യൂട്ടി നിയമിച്ചു നൽകേണ്ടതാണ് ഇതിൽ ഒരാഴ്ച്ചയിൽ രണ്ടുദിവസത്തിൽ കുറയാതെ രാത്രി 7 മണി മുതൽ രാവിലെ 7 മണി വരെയുള്ള ഊഴം വരത്തക്കവിധം ഡ്യൂട്ടി നൽകേണ്ടതാണ്.

### എക്സൈസ് ഇൻസ്പെക്ടർമാർ

അമരവിള, ആര്യങ്കാവ്, വാളയാർ, മുത്തങ്ങ, മഞ്ചേശ്വരം, കുമിളി എന്നീ സുപ്രധാന ചെക്ക്പോസ്റ്റുകളിൽ എക്സൈസ് ഇൻസ്പെക്ടർമാരെ A, B, C എന്ന് 3 ടേണുകളായി തിരിച്ച് രാവിലെ 7 മണിക്ക് തുടങ്ങി 12 മണിക്കൂർ വീതമുള്ള 2 ടേണുകളിലായി പ്രവർത്തിക്കു നിയോഗിക്കേണ്ടതാണ്. ഏതെങ്കിലും എക്സൈസ് ഇൻസ്പെക്ടർമാർ അവധിയെടുക്കുകയാണെങ്കിൽ വിവരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ അറിയിച്ച് പകരം ജില്ലയിലെ മറ്റ് ഓഫീസുകളിൽ നിന്നും ക്രമീകരണം